പച്ച വാർഡ് ഗ്രാമസഭ

പാലോട്: നന്ദിയോട് ഗ്രാമപഞ്ചായത്തിലെ പച്ച വാർഡിൽ 2018-19 വർഷത്തെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള ഗ്രാമസഭ 20ന് രാവിലെ 10ന് പച്ച പാലുവള്ളി ഗവൺമെന്റ് യു.പി. എസിൽ നടക്കുമെന്ന് ഗ്രാമപഞ്ചായത്തംഗം കെ.സതീശൻ അറിയിച്ചു.

ചിലക്കൂർ തട്ടാൻവിളാകം ശ്രീ പാർവതി ദേവീ ക്ഷേത്രം

വർക്കല: ചിലക്കൂർ തട്ടാൻവിളാകം ശ്രീ പാർവതി ദേവീ ക്ഷേത്രത്തിലെ രോഹിണി മഹോത്സവം 19ന് രാവിലെ 6ന് ഗണപതി ഹോമം, 7.30ന് പാരായണം, 9.30ന് സമൂഹ പൊങ്കാല, 10ന് കലശപൂജ, 10.45ന് ആയില്യം ഊട്ട്, 12ന് അന്നദാനം, വൈകുന്നേരം 4.30ന് ഐശ്വര്യപൂജ എന്നിവയോടെ നടക്കും.

തച്ചൻകോണം ഭദ്രാഭുവനേശ്വരി ക്ഷേത്രം

വർക്കല: തച്ചൻകോണം ഭദ്രാഭുവനേശ്വരി ക്ഷേത്രത്തിൽ മകംതിരുനാൾ പ്രതിഷ്ഠാ മഹോത്സവം 21 മുതൽ 25 വരെ തീയതികളിൽ നടക്കും. ഗണപതിഹോമം, കലശാഭിഷേകം, പന്തീരടിപൂജ, പാരായണം എന്നിവയ്ക്ക് പുറമെ 21ന് രാവിലെ 8.30ന് സമൂഹപൊങ്കാല, 22ന് വൈകുന്നേരം 5.30ന് കുട്ടികളുടെ പഠനക്ലാസ്, 23ന് രാത്രി 6ന് ഗാനമേള, 24ന് രാവിലെ 10.30ന് വിശേഷാൽ ആയില്യപൂജ, മഞ്ഞനീരാട്ട്, നൂറുംപാലും ഊട്ട്, വൈകുന്നേരം 6.30ന് പൂമൂടൽ, 25ന് രാവിലെ 11ന് മകംതൊഴൽ, 12.30ന് അന്നദാനം, വൈകുന്നേരം 6.30ന് ചെണ്ടവാദ്യ അരങ്ങേറ്റം ഉദ്ഘാടനവും സർട്ടിഫിക്കറ്റ് വിതരണവും സിനിമാതാരം പ്രേംകുമാർ നിർവഹിക്കും.

അഴൂർ ഗ്രാമപഞ്ചായത്ത് അറിയിപ്പ്

ചിറയിൻകീഴ്: അഴൂർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവന പദ്ധതിയിലുൾപ്പെട്ട ഭവന രഹിതർക്ക് ഭവന നിർമാണത്തിനായുള്ള ഗുണഭോക്താക്കളുടെ ഗുണഭോക്തൃ സംഗമം 19 രാവിലെ 10.30ന് അഴൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കും. ലൈഫ് മിഷന്റെ അഴൂർ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലെ ഭൂമിയുള്ള മുഴുവൻ ഭവന രഹിതരും സംഗമത്തിൽ പങ്കെടുക്കണം. ലൈഫ് ഗുണഭോക്താക്കളുടെ അംഗീകരിച്ച അന്തിമ പട്ടിക പഞ്ചായത്ത് ഓഫീസിൽ ലഭ്യമാണെന്ന് അഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

പൊഴിയൂർ മേജർ ശ്രീ മഹാദേവർ ക്ഷേത്രം

പാറശാല: പൊഴിയൂർ മേജർ ശ്രീ മഹാദേവർ ക്ഷേത്രത്തിലെ മേടതിരുവാതിര ആറാട്ട് മഹോത്സവത്തിന്റെ തൃക്കൊടിയേറ്റ് ക്ഷേത്ര തന്ത്രി തൃശ്ശൂർ ചെറുമുക്കില്ലത്ത് നാരായണൻ നമ്പൂതിരിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. ദേവസ്വം അസിസ്റ്റന്റ് കമ്മിഷണർ ബി. മധുസൂദനൻ നായർ, സബ്ഗ്രൂപ്പ് ഓഫീസർ ജി. കൃഷ്ണൻ, മേൽശാന്തി സുരേഷ് പോറ്റി, വേട്ടക്കരുപ്പ് കുളത്തൂർ ജെ. വിജയൻ, ഉപദേശക സമിതി പ്രസിഡന്റ് ടി. ചൗധരി, സെക്രട്ടറി എം. ദിനീഷ്, മുൻ പ്രസിഡന്റ് കെ. വിജയകുമാർ, കൺവീനർമാരായ ആർ. അഭിജിത്ത്, എം. മഹേഷ്, ഭക്തജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ഏപ്രിൽ 21ന് നടക്കുന്ന ആറാട്ടോടുകൂടി ഉത്സവം സമാപിക്കും.

മലയിൻകീഴ് ഗവ. സ്കൂൾ മികവ് ഉത്സവം

മലയിൻകീഴ്: പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി മലയിൻകീഴ് ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച മികവ് ഉത്സവം ഐ.ബി. സതീഷ് എം. എൽ.എ ഉദ്ഘാടനം ചെയ്തു. കുട്ടികളുടെ കലാജാഥ ഉദ്ഘാടനം മലയിൻകീഴ് പഞ്ചായത്ത് പ്രസിഡന്റ് എസ്. ചന്ദ്രൻനായർ നിർവഹിച്ചു. ജില്ലാ പഞ്ചായത്തംഗം വി.ആർ. രമാകുമാരി, പി.ടി.എ പ്രസിഡന്റ് ജി.എസ്. ജിജു, പഞ്ചായത്തംഗം ചന്ദ്രമതി, പ്രിൻസിപ്പാൾ രജികുമാർ, ഹെഡ്മാസ്റ്റർ വാഡ്സൺ എന്നിവർ സംസാരിച്ചു. തെരുവുനാടകം, നാടൻപാട്ട് തുടങ്ങിയ കുട്ടികളുടെ കലാസൃഷ്ടികൾ നാല് പഞ്ചായത്ത് പ്രദേശങ്ങളിൽ അരങ്ങേറി.

സഹവാസക്യാമ്പ് സമാപിച്ചു

വേമ്പായം: കാഞ്ഞാമ്പാറ സർഗകൈരളി സംഘടിപ്പിച്ച സഹവാസക്യാമ്പ് സമാപിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സുജാത സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.മധു അദ്ധ്യക്ഷത വഹിച്ചു. കാഞ്ഞിരംപാറ മോഹനൻ പറനോപകരണം വിതരണം നടത്തി. മോഹനൻ.ജി, കോലിയക്കോട് മഹീന്ദ്രൻ, സുധർമ്മിണി, സഹീറത്ത് ബീവി, ദീപ. കെ. ആർ, ബിജുലാൽ എന്നിവർ സംസാരിച്ചു. ഒരാഴ്ചയായി നടന്ന ക്യാമ്പിൽ അഭിനയം മുതൽ സാഹിത്യരചനാ പരിശീലനം വരെ നടന്നു. അവസാനദിനം വിനോദയാത്രയും നടത്തി.

എസ്.എൻ.ഡി.പി യോഗം വലിയതുറശാഖയിൽ ആരംഭിച്ച പത്രാധിപർ കെ. സുകുമാരൻ സ്മാരക ലൈബ്രറിയുടെ ഉദ്ഘാടനം യൂണിയൻ ചെയർമാൻ ഡി.പ്രേംരാജ് ഉദ്ഘാടനം ചെയ്യുന്നു. ആലുവിള അജിത്, കെ. ശ്രീകുമാർ, കെ. വി. അനിൽ, വി. ഷിബു, ബീന ജയൻ, രത്നമ്മ ജയമോഹൻ, ഓമന മോഹൻ, ഗീത ജഗതൻ, മനോരമ ദിവാകരൻ, ജി. രാജൻ, ആർ. ശ്രീജിത്ത് തുടങ്ങിയവർ സമീപം.

പത്താം ഉദയ മഹോത്സവവും പ്രതിഷ്ഠാ വാർഷികവും

കാട്ടാക്കട: നെയ്യാർഡാം മരക്കുന്നംതെക്കുംകരനാഗയക്ഷിഅമ്മ ക്ഷേത്രത്തിലെ പത്താം ഉദയ മഹോത്സവവും പ്രതിഷ്ഠാ വാർഷികവും നാളെ മുതൽ 23വരെ നടക്കും. എല്ലാ ദിവസവും രാവിലെ 5ന് കുങ്കുമാഭിഷേകം, ഭസ്മാഭിഷേകം, നെയ്യഭിഷേകം, 8ന് മൃത്യുഞ്ജയഹോമം, ഉച്ചയ്ക്ക് 12ന് അന്നദാനം, സർവൈശ്യര്യപൂജ, 7.30ന് കൊട്ടുതി. 21ന് വൈകിട്ട് 4ന് താലപ്പൊലി ഘോഷയാത്ര, വൈകിട്ട് 6.30ന് പുഷ്പാഭിഷേകം. 23ന് രാവിലെ 9.30ന് സമൂഹ പൊങ്കാല, 10ന് കലശാഭിഷേകം, 10.30ന് നാഗരൂട്ട്, 5.30ന് ഭഗവതിസേവ എന്നിവ നടക്കും.

കാളിമല തീർത്ഥാടനം 23മുതൽ

വെള്ളറട: ദക്ഷിണ ഭാരത തീർത്ഥാടന കേന്ദ്രമായ കാളിമലയിലെ തീർത്ഥാടനം ഏപ്രിൽ 23ന തുടങ്ങി 29ന് ചിത്രാപൗർണമി പൊങ്കാലയോടുകൂടി സമാപിക്കും. ഉത്സവ ദിവസങ്ങളിൽ രാവിലെ 5. 30ന് അഷ്ട ദ്രവ്യ മഹാഗണപതി ഹോമം 7. 30ന് ദേവീ മാഹാത്മ്യ പാരായണം, 9ന് കുങ്കുമാഭിഷേകം, 12. 30ന് അന്നദാനം, എന്നിവ ഉണ്ടായിരിക്കും.

ഒന്നാം ഉത്സവമായ 23ന് രാവിലെ 8. 30ന് അഗസ്ത്യ മഹർഷി ഉൾപ്പടെ 18 സിദ്ധർക്ക് സങ്കൽപ്പപൂജ, വൈകിട്ട് 4ന് ദീപജ്യോതി പ്രയാണത്തിന്റെ രഥത്തിന് പത്തുകാണി മഹാദേവ ക്ഷേത്രത്തിൽ സ്വീകരണം നൽകും. ഇടർന്ന് 3ന് നടക്കുന്ന സമ്മേളനം ഉമാരതി രാജൻ ഉദ്ഘാടനം ചെയ്യും. സി. ശേഖർ അദ്ധ്യക്ഷത വഹിക്കും. വി. രാമചന്ദ്രൻ കാണിപ്രഭാഷണം നടത്തും. നെയ്യാറ്റിൻകര എസ്. എൻ. ഡി. പി യൂണിയൻ സെക്രട്ടറി ആവണി ശ്രീകണ്ഠൻ, പാലയ്യൻ സ്വാമി, ആർ. ഗംഗാധരൻ നായർ, തുടങ്ങിയവർ സംസാരിക്കും. അഡ്വ: വേലുദാസ് സ്വാഗതവും കെ. മോഹനൻ നന്ദിയും രേഖപ്പെടുത്തും. 26ന് രാവിലെ 8ന് കലശപൂജയും കലശാഭിഷേകവും.

27ന് രാവിലെ 9 മുതൽ ലക്ഷാർച്ചന, 28ന് രാവിലെ 9ന് ഭജന, രാത്രി 8ന് വിശേഷാൽ പൂജയും ചാറ്റു പാട്ടും. 29 ന് രാവിലെ 9ന് 48 കണിസെറ്റിൽ മെന്റിലെ മുട്ടുകാണിമാർക്ക് പൂർണകുംഭത്തോടെ സ്വീകരണം. 9. 30ന് ചിത്രപൗർണമി പൊങ്കാല പത്മശ്രീ കെ. ലക്ഷ്മിക്കുട്ടിയമ്മ പൊങ്കാലയ്ക്ക് ദീപം പകരും. ഇടർന്ന് നടക്കുന്ന ദേശീയ സെമിനാർ ജ്ഞ. നന്ദകുമാർ മുഖ്യ പ്രഭാഷണം നടത്തും.

സ്വാമി ചൈതന്യാനന്ദജി മഹാരാജ് അനുഗ്രഹ പ്രഭാഷണം നടത്തും. ട്രസ്റ്റ് പ്രസിഡന്റ് സി. രാജേന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. 12. 30ന് പൊങ്കാല പൂജയും പൊങ്കാല നിവേദ്യവും നടക്കും. വൈകിട്ട് 5. 30ന് സ്ഥലപുണ്യാഹം, രാത്രി 12ന് മഹാകാളിയൂട്ടോടുകൂടി സമാപിക്കും.

വിതുരമേഖലയിൽ നായ്ക്കളെ പേടിച്ച് വഴി നടക്കാൻ വയ്യ

ഇതുവഴി പോയാൽ കടി ഉറപ്പ്

കെ.മണിലാൽ

വിതുര: വിതുര തൊളിക്കോട് പഞ്ചായത്തുകളിൽ വീണ്ടും തെരുവ് നായ്ക്കളുടെ ശല്യം രൂക്ഷമാകുന്നു. നായ്ക്കളെ പേടിച്ച് ഇതുവഴി നടക്കുവാൻ പോലും കഴിയാത്ത അവസ്ഥയാണ്. വിതുര ഗവ: യു.പി.എസ്, ഗവ: കമ്മ്യൂണിറ്റി ഹെൽത്ത്, മൃഗാശുപത്രി, എന്നിവിടങ്ങൾ തെരുവ് നായ്ക്കളുടെ വിഹാരകേന്ദ്രങ്ങളാണ്. രാത്രികാലങ്ങളിൽ കൂട്ടമായെത്തുന്ന പട്ടികൾ പ്രദേശത്ത് അക്രമം നടത്തുന്നത് പതിവാണ്. സ്കൂൾ, ആശുപത്രി പരിസരങ്ങൾ മുഴുവൻ വൃത്തിഹീനമാക്കും. രാത്രിയാത്രക്കിടയിൽ നിരവധി പേരെ തെരുവ് നായ്ക്കൾ കടിച്ചുകീറിയിട്ടുണ്ട്. മാത്രമല്ല, ഇതുവഴി പോകുന്ന സ്കൂൾ കുട്ടികളും നായ്ക്കളുടെ ഭീതിയിലാണ് പോകുന്നത്. പാതയോരത്ത് വലിച്ചെറിയുന്ന ഇറച്ചി വേസ്റ്റുകൾ തിന്നാൻ രാത്രിയിൽ എത്തുന്ന നായകൾ പിന്നീട് വീടുകളിലും അതിക്രമിച്ചുകയറുന്നു. പുളിച്ചാമല, പരപ്പാറ, ചായം, ചെറ്റച്ചൽ, തേവിയോട്, കല്ലാർ, ബോണക്കാട്, പൊൻമുടി, പാറ്റേടോട് പ്രദേശങ്ങളിലായി വീടുകളിലെ വളർത്തുമൃഗങ്ങളെയും ആക്രമിച്ചിട്ടുണ്ട്.

നഗരത്തിൽ നിന്നും രാത്രികാലങ്ങളിലും പ്രദേശത്ത് നായ്ക്കളെ കൊണ്ടുവന്ന് ഉപേക്ഷിക്കാറുണ്ട്. നായ്ക്കളുടെ എണ്ണം കൂടിയതോടെ അക്രമണം പെരുകി. നായ്ക്കളുടെ കടി പേടിച്ചാണ് പ്രദേശവാസികൾ കഴിയുന്നത്.

ഒപ്പം പേവിഷബാധയുള്ള നായ്ക്കളും ഇതിൽ ഉള്ളതായും നാട്ടുകാർ പറയുന്നു. മാസങ്ങൾ കഴിയും തോറും തെരുവ് നായ്ക്കളുടെ എണ്ണം ക്രമാതീതമായി ഉയരുകയാണ്. ഒപ്പം ഇവയുടെ അക്രമവും. നായ്ക്കളുടെ അക്രമം കൂടുന്നതായി പല പരാതികൾ ഉയർന്നിട്ടും ഇതുവരെ നടപടികൾ സ്വീകരിക്കാത്തതിനെതിരെ ശക്തമായ ജനരോഷം ഉയർന്നിട്ടുണ്ട്.

വിതുര കല്ലാർ ജംഗ്ഷനിലും പരിസരപ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യത്തിന് പരിഹാരം കാണണമെന്ന് വിതുര ആത്മകിരണം ചാരിറ്റബിൾ ട്രസ്റ്റ് പ്രസിഡന്റ് ജിജി വിതുരയും, സെക്രട്ടറി വി. ബി. സുഭാഷും ആവശ്യപ്പെട്ടു.

നായകളെ കൊണ്ടിറക്കുന്നു

വിതുര, തൊളിക്കോട് പഞ്ചായത്തുകളുടെ അതിർത്തി പ്രദേശമായ ചായപ്പാറയിൽ രണ്ട് ദിവസം മുൻപ് രാത്രിയിൽ തലസ്ഥാനത്തു നിന്നെത്തിയ വാഹനത്തിൽ തെരുവ്നായകളെ കൊണ്ടിറക്കി വിട്ടതായി ചായപ്പാറ നിവാസികൾ പരാതിപ്പെട്ടു. വണ്ടിയിൽ മുഷ്തോളം നായ്ക്കൾ ഉണ്ടായിരുന്നതായി പറയുന്നു. ഈ നായകൾ വീടുകളിലും കയറി അക്രമം നടത്തുന്നുണ്ട്.

ടൂറിസ്റ്റുകളും ബുദ്ധിമുട്ടിൽ

തെരുവ്നായകളുടെ ശല്യം മൂലം വിനോദസഞ്ചാരികളും ബുദ്ധിമുട്ടിലാണ്. പൊൻമുടി, ബോണക്കാട്, പേപ്പാറ ടൂറിസ്റ്റ് സങ്കേതങ്ങൾ സന്ദർശിക്കാനെത്തിയ സഞ്ചാരികൾക്ക് നേരെയും ആക്രമണം ഉണ്ടായിട്ടുണ്ട്. നായ്ക്കളെ പേടിച്ച് ഇങ്ങോട്ടേക്ക് വരാൻ മടിക്കുകയാണ് പല ടൂറിസ്റ്റുകളും.

ഇവിടം നായകളുടെ പിടിയിൽ

പൊൻമുടി-തിരുവനന്തപുരം സംസ്ഥാനപാതയിലെ പ്രമുഖ ജംഗ്ഷനായ വിതുര കല്ലങ്ക് തെരുവ്നായകളുടെ നിയന്ത്രണത്തിലാണ്. സന്ധ്യമയങ്ങിയാൽ അനവധി നായകൾ ജംഗ്ഷനിൽ തമ്പടിക്കും. രാത്രിയിൽ ബസ് ഇറങ്ങിയവരും നായകളുടെ ആക്രമണത്തിന് വിധേയരായിട്ടുണ്ട്. പകലും ഒരുപോലെയാണ് ഇവിടെ തെരുവ്നായ്ക്കൾ അലഞ്ഞുനടക്കുന്നത്. നായകളെ അമർച്ചചെയ്യണമെന്നാവശ്യപ്പെട്ട് വ്യാപാരി വ്യവസായികൾ ബന്ധപ്പെട്ടവർക്ക് നിവേദനം നൽകിയെങ്കിലും നടപടിയില്ല.

വോയ്സ് ഓഫ് ഇന്ത്യയിലെ ക്ലാസുകൾ ഉദ്ഘാടനം ചെയ്യുന്നു

വോയ്സ് ഓഫ് ഇന്ത്യയിലെ ക്ലാസുകൾ ഉദ്ഘാടനം ചെയ്തു

പാറശാല: പാറശാലയിലെ വോയ്സ് ഒഫ് ഇന്ത്യ സ്കൂൾ ഒഫ് മ്യൂസിക്കിൽ വിഷു ദിനത്തോടനുബന്ധിച്ച് ആരംഭിച്ച സംഗീത, നൃത്ത, വാദ്യോപകരണ ക്ലാസുകൾ ക്രൈം ബ്രാഞ്ച് ഡിവൈ. എസ്. പി. എൻ. ജിജി ഉദ്ഘാടനം ചെയ്തു. സ്കൂൾ ഡയറക്ടർ വൈ. എ. സ്. ബാബു അദ്ധ്യക്ഷത വഹിച്ചു. വിവിധ മേഖലയിൽ പ്രവർത്തിച്ചുവരുന്ന കലാകാരന്മാർ ചടങ്ങിൽ പങ്കെടുത്തു. തുടർന്ന് ശാസ്ത്രീയ സംഗീതം, ശാസ്ത്രീയ നൃത്തം, വാദ്യോപകരണങ്ങൾ തുടങ്ങിയ ക്ലാസുകൾ പ്രഗല്ഭരായ അദ്ധ്യാപകർ നേതൃത്വം നൽകി.

അവധിക്കാല പരിശീലന ക്യാമ്പ്

കടയ്ക്കാവൂർ: യുവതലമുറയെ കായിക രംഗത്ത് ആകർഷിക്കണമെന്നലക്ഷ്യത്തോടെവക്കംസ്പോർട്സ് ആൻഡ് ഗയിംസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ അവധിക്കാല വോളിബാൾ പരിശീലന കോച്ചിംഗ് ക്യാമ്പ് വക്കം ദൈവപ്പുര ക്ഷേത്ര ഗ്രൗണ്ടിൽ ആരംഭിച്ചു. ക്യാമ്പിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് എസ്. വേണുജി നിർവഹിച്ചു. പത്ത് വയസിന് മുകളിൽ പ്രായമുള്ള അമ്പതിൽപരം കുട്ടികൾ പങ്കെടുക്കുന്ന ക്യാമ്പ് ഒരു മാസം നിണ്ടുനിൽക്കും. പരിശീലകർക്ക് പാല്, മുട്ട തുടങ്ങിയ പോഷകാഹാരങ്ങൾ നൽകുമെന്നും അക്കാഡമിക് സെക്രട്ടറി കെ. രാധാകൃഷ്ണൻ പറഞ്ഞു. കെ. ജയിൻ നന്ദി പറഞ്ഞു.

പൊഴിയൂർ ശ്രീ മഹാദേവർ ക്ഷേത്രത്തിലെ മേട തിരുവാതിര ആറാട്ട് മഹോത്സവത്തിന്റെ തൃക്കൊടിയേറ്റ് ക്ഷേത്ര തന്ത്രി തൃശ്ശൂർ ചെറുമുക്കില്ലത്ത് നാരായണൻ നമ്പൂതിരിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടക്കുന്നു.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മാതൃകാപരം: മന്ത്രി എം.എം. മണി

പാറശാല: സമൂഹത്തിലെ കർഷകരും സാധാരണക്കാരും ചെറുകിട വ്യവസായികളുമുൾപ്പടെ നാനാവിഭാഗം ജനങ്ങളുടെയും ആശ്രയമായ സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് മന്ത്രി എം. എം. മണി പറഞ്ഞു. പാറശാല സർവീസ് സഹകരണ ബാങ്കിന്റെ നെടുവാൻവിള ശാഖയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സി. കെ. ഹരീന്ദ്രൻ എം. എൽ.എ അദ്ധ്യക്ഷത വഹിച്ചു.

ശാഖയിലെ ആദ്യ നിക്ഷേപം സ്വീകരിക്കൽ പാറശാല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേഷും സ്വർണപണയ വായ്പാ വിതരണം നെയ്യാറ്റിൻകര അസി. രജിസ്ട്രാർ പി. കെ. രമാദേവിയും ബാങ്കിന്റെ എ.ടി.എം കാർഡ് വിതരണം പാറശാല ബ്ലോക്ക് പ്രസിഡന്റ് വി. ആർ. സലൂജയും നിർവഹിച്ചു.

ബാങ്ക് സെക്രട്ടറി വി.ഐ. ദിലീപ് റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്തംഗം എസ്. കെ ബെൻഡാർവിൻ, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ എൽ. മഞ്ചുസ്മിത, വൈ. സതീഷ്, വാർഡംഗം വി. അനിത, സി.പി.എം. ഏരിയാ സെക്രട്ടറി കടകളം ശശി, ആർ. ബിജു, സി.പി.ഐ. മണ്ഡലം സെക്രട്ടറി സി. സുന്ദരേശൻ നായർ, ബി. ജെ. പി. മണ്ഡലം വൈസ് പ്രസിഡന്റ് ജി. അനിൽ, പരശുവയ്ക്കൽ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് അഡ്വ. എസ്. അജയകുമാർ, ചെറുവാരക്കോണം സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ജെ. ചന്ദ്രബാബു, യൂണിറ്റ് ഇൻസ്പെക്ടർ എം. ശ്രീകുമാർ, ബാങ്ക് പ്രസിഡന്റ് എ. ശശിധരൻ നായർ, ഭരണസമിതിയംഗം എം. എസ്. സന്തോഷ് കുമാർ എന്നിവർ സംസാരിച്ചു.

മികച്ച വാഴ കർഷകനായി തെരഞ്ഞെടുത്ത പാറശാല വിനോദിനെ ചടങ്ങിൽ മന്ത്രി ആദരിച്ചു.

പാറശാല സർവീസ് സഹകരണ ബാങ്കിന്റെ നെടുവാൻവിള ശാഖയുടെ ഉദ്ഘാടനം മന്ത്രി എം. എം. മണി നിർവഹിക്കുന്നു

ഗാന്ധി മിത്ര ഭവനിൽ സാംസ്കാരിക കൂട്ടായ്മ

നെയ്യാറ്റിൻകര: ചെങ്കൽ പഞ്ചായത്തിലെ 15 വർഷം പിന്നിട്ട ഗാന്ധി മിത്ര ഭവനിൽ വിഷുദിനത്തിൽ നടന്ന സാംസ്കാരിക കൂട്ടായ്മ പ്രമുഖ ഗാന്ധിയൻ പത്മശ്രീ പി. ഗോപിനാഥൻ നായർ വ്യക്ഷത്തൈ നട്ട് ഉദ്ഘാടനം ചെയ്തു. പാച്ചല്ലൂർ അബ്ദുൾ സലീം മൗലവി അദ്ധ്യക്ഷനായി. ഗാന്ധിതീർത്ഥ പുരസ്കാരം നൽകി മേധാ പട്കറെ ആദരിച്ചിരുന്നു. പി. ഗോപിനാഥൻ നായർ മുഖ്യ രക്ഷാധികാരിയും സനിൽ കൂത്തിങ്കൽ ചെയർമാനും ബാലകൃഷ്ണൻ നായർ വൈസ് ചെയർമാനും ഡേവിഡ്സൺ ഉപദേശക സമിതി കൺവീനറായും ബോബികോഓർഡിനേറ്ററായും ജോസ്വിക്ടർ സെക്രട്ടറിയും മനോജ് മോഹൻ, അനീഷ് രാജ്, ബീനാ ജോൺ, ബിജിത എന്നിവർ ജോയിന്റ് സെക്രട്ടറിമാരായും എ. ജി. ശരത് യൂത്ത് കോ ഓർഡിനേറ്ററായും മര്യാപുരം ജഗദീശൻ ട്രഷററായുമുള്ള 21 അംഗ കർമ്മസമിതി രൂപീകരിച്ചു. ആതുര സേവനം, പരിസ്ഥിതി പ്രവർത്തനം തുടങ്ങിയവയ്ക്കും രൂപംനൽകി.

ഗാന്ധി മിത്ര ഭവനിൽ വിഷുദിനത്തിൽ നടന്ന സാംസ്കാരിക കൂട്ടായ്മയിൽ പ്രമുഖ ഗാന്ധിയൻ പത്മശ്രീ പി. ഗോപിനാഥൻ നായർ വൃക്ഷത്തൈ നടുന്നു

പൂഴനാട് ചാമുണ്ഡി ദേവീ ക്ഷേത്രം

കാട്ടാക്കട: പൂഴനാട് ചാമുണ്ഡി ദേവീ ക്ഷേത്രത്തിലെ പുണർതപൊങ്കാല മഹോത്സവം ആരംഭിച്ചു. 22ന് ഉത്സവം സമാപിക്കും. ഇന്ന് ഉച്ചയ്ക്ക് 12ന് അന്നദാനം, 7ന് ചാമുണ്ഡിപ്പാട്ട്. 18ന് രാത്രി 8ന് സംഗീത സമന്വയം. 19ന് രാത്രി 8ന് കലാസന്ധ്യ. 20ന് 6.20ന് ഉദയാസ്തമന പൂജ ആരംഭം. ഉച്ചയ്ക്ക് 12ന് ഉത്സവ സദ്യ, രാത്രി 7ന് സായാഹ്ന ഭക്ഷണം, 8ന് നൃത്തോത്സവം. 21ന് രാവിലെ 9ന് കലശാഭിഷേകം, 10ന് നാഗരൂട്ട്, ഉച്ചയ്ക്ക് 12ന് ഉത്സവ സദ്യ, 6ന് ഭഗവതിസേവ, 8ന് ഗോകുലദർശനം. 22ന് രാവിലെ 10ന് പുണർത പൊങ്കാല, 11.15ന് പിറന്നാൾ സദ്യ, രാത്രി 8.30ന് മംഗള ഗുരുതി. എന്നും രാവിലെ പ്രഭാത ഭക്ഷണം ഉണ്ടായിരിക്കും.

കുടുംബശ്രീ വാർഷികം

വെമ്പായം: കീഴായിക്കോണം കുടുംബശ്രീ വാർഷികം വാർഡംഗം ഗീതാകുമാരി ഉദ്ഘാടനം ചെയ്തു. സുജാ സുരേഷ് അദ്ധ്യക്ഷത വഹിച്ചു. ബിന്ദു, സന്ധ്യ, ശാലിനി എന്നിവർ സംസാരിച്ചു.

കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ അംബേദ്കർ ജയന്തി ആഘോഷം

കാട്ടാക്കട: കോൺഗ്രസ് പൂവച്ചൽ മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഡോ. ബി. ആർ. അംബേദ്കർ ജയന്തി ആഘോഷം സംഘടിപ്പിച്ചു. ഡി.സി.സി ജനറൽ സെക്രട്ടറി വി. ആർ. പ്രതാപൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് സത്യദാസ് പൊന്നെടുത്തകുഴി അദ്ധ്യക്ഷത വഹിച്ചു. ആർ. എസ്. സജീവ്, ജെ. ഷാഫി, എ. സുകുമാരൻ നായർ, എ. എസ്. ഇർഷാദ്, ലില്ലി സാമുവൽ, സുരേന്ദ്രൻ നായർ, അനിൽകുമാർ എന്നിവർ സംസാരിച്ചു. ജനമോചനയാത്രയുടെ ഭാഗമായുള്ള ഫണ്ട് ശേഖരണത്തിന്റെ മണ്ഡലം തല ഉദ്ഘാടനവും ചടങ്ങിൽ നടന്നു

കോൺഗ്രസ് പൂവച്ചൽ മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഡോ. ബി. ആർ. അംബേദ്കറുടെ ജയന്തി ആഘോഷം